പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 719 — 11/03/2015 ൽ മറുപടിക്ക്

കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റ്

| ചോദ്യം<br>**ശ്രീ.കെ.അച്ചുതൻ**<br>**,, ഡൊമിനിക് പ്രസന്റേഷൻ**<br>**,, വി.ഡി.സതീശൻ**<br>**,, ടി.എൻ. പ്രതാപൻ** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | **തിരുവനന്തപുരം:** ജനറൽ ആശുപത്രി, നെയ്യാറ്റിൻകര താലൂക്കാശുപത്രി എന്നിവടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു.<br>**കൊല്ലം:** പുനലൂർ താലൂക്കാശുപത്രിയിൽ മൂന്നു യൂണിറ്റുകൾകൂടി എം.പി. ഫണ്ടുപയോഗിച്ച് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>**പത്തനംതിട്ട:** കോഴഞ്ചേരി ജില്ലാ ആശുപത്രിയിലും പത്തനംതിട്ട ജനറൽ ആശുപത്രിയിലും 6 ഡയാലിസിസ് മെഷീനുകൾ പ്രവർത്തിക്കുന്നുണ്ട്. മാത്രവുമല്ല പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 3 സ്റ്റാഫ് നഴ്സുമാരെ ട്രെയിനിംഗ് കൊടുത്ത് നിയമിക്കുകയും എച്ച്.എം.സി. വഴി രണ്ട് ടെക്നീഷ്യന്മാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>**ഇടുക്കി :** തൊടുപുഴ താലൂക്കാശുപത്രിയിൽ കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം രണ്ട് ഷിഫ്റ്റുകളിലായി പ്രവർത്തിച്ചുകൊണ്ട് ഫലപ്രദമായി നടപ്പിലാക്കി വരുന്നു.<br>**കോട്ടയം :** ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ സത്യസായി & ട്രസ്റ്റിന്റെയും, പവർ വിഷന്റെയും ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിൽ ജനറൽ ആശുപത്രിയിൽ സ്വകാര്യ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം നടത്തിവരുന്നു.<br>**ആലപ്പുഴ :** ഹരിപ്പാട് താലൂക്കാശുപത്രിയിൽ നിന്നും നിലവിൽ ഡയാലിസിസ് സൗകര്യം ലഭ്യമാണ്. കാരുണ്യബെനവലന്റ് പദ്ധതിയിൽപ്പെടുത്തി ആലപ്പുഴ ജനറൽ ആശുപത്രി, ചേർത്തല താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ടി യൂണിറ്റുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. |

എറണാകുളം : ജില്ലയിൽ 2 ആശുപത്രികളിൽ 43 മെഷീനുകൾ ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. യൂണിറ്റിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഇപ്പോഴും ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം നല്ല രീതിയിൽ തുടരുന്നുണ്ട്.

**തൃശ്ശൂർ :** തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത യൂണിറ്റിൽ താഴെപ്പറയുന്ന സൗകര്യങ്ങളാണ് ലഭ്യമായിട്ടുള്ളത്:

1) ദിവസേന 2 ഷിഫ്റ്റ്

2) മെഡിക്കൽ കോളേജിൽ നിന്നും നെഫ്രോളജിസ്റ്റിന്റെ സേവനം.

3) ഡയറ്ററി അഡ്വൈസ്

4) രോഗികൾക്കും കൂടെ പരിചരിക്കാൻ നിൽക്കുന്നവർക്കും സൗജന്യ ഭക്ഷണം.

5) അഭ്യുദയകാംക്ഷികളിൽ നിന്നും സംഭാവന ഉപയോഗിച്ചുള്ള ഡയാലിസിസ് കൺസ്യൂമബിൾസ്, മരുന്നുകൾ, ഇൻജക്ഷൻ, ഫ്രിഡ്ജ് മുതലായ സൗകര്യങ്ങൾ

6) രോഗികൾക്ക് സൗജന്യ മരുന്ന്

7) സൈക്കോളജിക്കൽ, സൈക്യാട്രിക് സപ്പോർട്ട്.

8) ആശുപത്രിക്കകത്തും പുറത്തും ഐ.ഇ.സി. ആക്റ്റിവിറ്റികൾ.

**മലപ്പുറം :** എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, എൻ.ആർ.എച്ച്.എം. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവ ഉപയോഗിച്ച് തിരൂർ, നിലമ്പൂർ ജില്ലാ ആശുപത്രികളിലും, തിരൂരങ്ങാടി, പൊന്നാനി എന്നീ താലൂക്കാശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

**പാലക്കാട് :** പാലക്കാട് ജില്ലാ ആശുപത്രി, താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം സി.എച്ച്.സി., ചാലിശ്ശേരി എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തികച്ചും സൗജന്യമായാണ് സേവനം നൽകി വരുന്നത്. ചാലിശ്ശേരി സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് ശ്രീ. വി.ടി. ബൽറാം എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് ഡയാലിസിസ് യൂണിറ്റിന് ഒരു ആംബുലൻസ് അനുവദിച്ചിട്ടുണ്ട്.

**കോഴിക്കോട് :** ഡയാലിസിസ് യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വിദഗ്ധന്മാരുടെ കീഴിലുള്ള പരിശീലനം നൽകി വരുന്നുണ്ട്.

വയനാട് : ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു.

**കണ്ണൂർ :** കണ്ണൂർ ജില്ലാ ആശുപത്രിയിൽ സുസജ്ജമായ ഒരു ഡയാലിസിസ് യൂണിറ്റ് 2013 മാർച്ച് 9 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ സർക്കാർ വക ഫണ്ട് മുഖേന 6 യൂണിറ്റും, എം.പി.ഫണ്ട് മുഖേന 6 യൂണിറ്റും, ഉൾപ്പെടെ 12 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ 2 ഷിഫ്റ്റുകളിലായി ദിവസേന 11-11 രോഗികളെ ഡയാലിസിസ് ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| | | | **കാസർഗോഡ് :** കാസർഗോഡ് ജനറൽ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള നാല് യൂണിറ്റുകൾക്ക് പുറമേ എസ്.ബി.ടി.യുടെ പ്രവാസി ട്രസ്റ്റിന്റെ സംഭാവനയായി ലഭിച്ചിട്ടുള്ള രണ്ട് യൂണിറ്റുകൾ കൂടി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കാഞ്ഞങ്ങാട് ഡയാലിസിസ് യൂണിറ്റ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എൽപ്പിച്ചിരിക്കുകയാണെന്നും ഡയാലിസിസ് സ്ഥാപിക്കാനുള്ള 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അയച്ചിട്ടുണ്ട് എന്ന് കാരുണ്യ അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. മുഖാന്തിരം സ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു; എത്ര രോഗികൾക്ക് പ്രസ്തുത യൂണിറ്റ് മുഖേന ചികിത്സ ലഭ്യമാക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :<br>**തിരുവനന്തപുരം :** 2 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നെയ്യാറ്റിൻകര ആശുപത്രിയിൽ ഒരു മാസം 9 രോഗികളും ജനറൽ ആശുപത്രി തിരുവനന്തപുരത്ത് 50 രോഗികളും ചികിത്സ തേടി എത്തുന്നുണ്ട്.<br>**കൊല്ലം :** 2 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ആശുപത്രിയിൽ 44 രോഗികളും പുനലൂർ താലൂക്കാശുപത്രിയിൽ 600 രോഗികളും ചികിത്സ തേടി എത്തുന്നുണ്ട്.<br>**പത്തനംതിട്ട:** രണ്ട് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.<br>1) ജില്ലാ ആശുപത്രി കോഴഞ്ചേരിയിൽ നിലവിൽ 27 രോഗികളെ ഡയാലിസിസ് ചെയ്യുന്നുണ്ട്.<br>2) പത്തനംതിട്ട ജനറൽ ആശുത്രിയിൽ നിലവിൽ 17 രോഗികളെ ഡയാലിസിസ് ചെയ്യുന്നു.<br>**ഇടുക്കി :** തൊടുപുഴ താലൂക്കാശുപത്രിയിൽ മാത്രമാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നത്. 2 ഷിഫ്റ്റുകളിലായി ഞായറാഴ്ച ഒഴികെ ദിവസം തോറും 27 രോഗികൾക്ക് ചികിത്സ ലഭ്യമാക്കി വരുന്നു.<br>**കോട്ടയം :** കോട്ടയം ജനറൽ ആശുപത്രിയിൽ സ്വകാര്യ ചാരിറ്റബിൾ സൊസൈറ്റികളുടെ സഹകരണത്താൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവിടെ നിലവിൽ 8 മെഷീൻ മുഖാന്തിരം ദിവസേന 7 രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്തുവരുന്നു.<br>**ആലപ്പുഴ:** ഹരിപ്പാട് ആശുപത്രിയിൽ 3 രോഗികൾക്ക് ഡയാലിസിസ് നടത്തുന്നുണ്ട്.<br>**എറണാകുളം :** എറണാകുളം ജനറൽ ആശുപത്രിയിലും ആലുവ ജില്ലാ ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ ഏകദേശം 100-ഓളം രോഗികൾക്കും ആലുവ ജില്ലാ ആശുപത്രിയിൽ 127 രോഗികൾക്കും ചികിത്സ ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | **തൃശ്ശൂർ :** ജനറൽ ആശുപത്രി തൃശ്ശൂരിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ ദിവസം ഏകദേശം 16 രോഗികൾ ഡയാലിസിസ് ചെയ്യുന്നുണ്ട്.<br>**പാലക്കാട് :** പാലക്കാട് ജില്ലാ ആശുപത്രി, ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രി, ചാലിശ്ശേരി സാമൂഹികാരോഗ്യകേന്ദ്രം എന്നി ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെയായി 1897 രോഗികൾക്ക് ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്നു.<br>**മലപ്പുറം :** ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.<br>**കോഴിക്കോട് :** താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഗവ. ജനറൽ ആശുപത്രി, കോഴിക്കോട്-8 രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നു.<br>ജില്ലാ ആശുപത്രി, വടകര-46 രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നു.<br>താലൂക്കാശുപത്രി, കുറ്റ്യാടി-22 രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നു.<br>താലൂക്കാശുപത്രി, പേരാമ്പ്ര- 10 രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നു.<br>**വയനാട്:** വയനാട് ജില്ലയിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ ജില്ലാ ആശുപത്രി മാനന്തവാടിയിൽ ഒരു ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നു. പ്രസ്തുത യൂണിറ്റ് നിലവിൽ 34 രോഗികൾക്ക് ചികിത്സ ലഭ്യമാക്കിവരുന്നുണ്ട്.<br>**കണ്ണൂർ :** കണ്ണൂർ ജില്ലാ ആശുപത്രിയിലാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നത്. പ്രസ്തുത യൂണിറ്റ് മുഖേന ഇതുവരെ 68 രോഗികൾക്ക് 7492 തവണ ഡയാലിസിസ് നടത്തിയിട്ടുണ്ട്. 51 പേർ ചികിത്സ തുടരുന്നു.<br>**കാസർഗോഡ് :** കാസർഗോഡ് ജനറൽ ആശുപത്രിയിൽ മാത്രമാണ് ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. 30 രോഗികൾ പ്രസ്തുത യൂണിറ്റ് മുഖേന ചികിത്സ ലഭ്യമാക്കുന്നുണ്ട്. |
| (സി) | ആശുപത്രികളിൽ എത്തി ഡയാലിസിസ് ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ആശുപത്രികളിൽ എത്തി ഡയാലിസിസ് ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിലുൾപ്പെടുത്തി പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി നെയ്യാറ്റിൻകര, ജനറൽ ആശുപത്രി എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൊബൈൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ